ഉത്തരം

(എ) സംസ്ഥാനത്തിൽ വനിതകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമ പ്രവർത്തനങ്ങൾ സർക്കാർതലത്തിൽ ഇപ്പോൾ ഏകോപിപ്പിച്ച് തന്നെയാണ് നടത്തുന്നത്.

(ബി) സാമൂഹ്യക്ഷേമ വകുപ്പിന്റെ പേര് മാറ്റുന്ന കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

അംഗൻവാടിയിലെ ഒഴിവുകൾ നികത്താൻ നടപടി

30 [968] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് പ്രോജക്ട് അടിസ്ഥാനത്തിൽ എന്തു സംവിധാനമാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇപ്പോഴും നികത്താതെ കിടക്കുന്ന ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രോജക്ടടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ചെയർമാനായി സർക്കാർ രൂപീകരിച്ചിട്ടുള്ള കമ്മിറ്റി തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിൽ നിന്നും ബന്ധപ്പെട്ട ഐ.സി.ഡി.എസ് പ്രോജക്ടുകളിലെ ചൈൽഡ് ഡെവലപ്മെന്റ് പ്രോഗ്രാം ഓഫീസർ അംഗൻവാടി പ്രവർത്തകരെ നിയോഗിക്കുന്നു. സെലക്ട് ലിസ്റ്റ് നിലവിലില്ലാത്ത പ്രോജക്ടുകളിൽ പദ്ധതി നിർവ്വഹണം തടസ്സപ്പെടാതിരിക്കുന്നതിന് വേണ്ടി അംഗൻവാടി പ്രവർത്തകരെ താൽക്കാലികമായി സി.ഡി.പി.ഒ.-മാർ നിയോഗിക്കാറുണ്ട്.

(ബി) സെലക്ട് ലിസ്റ്റ് നിലവിലുള്ള പ്രോജക്ടുകളിൽ ടി ലിസ്റ്റിൽ നിന്നുമാണ് ഒഴിവുകൾ നികത്താറുള്ളത്. ലിസ്റ്റിന്റെ അഭാവത്തിൽ താൽക്കാലികമായി പ്രവർത്തകരെ സി.ഡി.പി.ഒ.-മാർ നിയോഗിക്കുന്നതുവഴിയും ഒഴിവുകൾ നികത്താറുണ്ട്.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

അംഗൻവാടി ഹെൽപ്പർ നിയമനം

31 [969] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി മേലയിൽ ഹെൽപ്പർ, വർക്കർ ആയി 2 വർഷം വരെ തുടർച്ചയായി ജോലി ചെയ്തവരെ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് യു.ഡി.എഫ്. സർക്കാർ അധികാരമേറ്റെടുത്തശേഷം റദ്ദ് ചെയ്യുകയുണ്ടായോ ;

(ബി) എങ്കിൽ റദ്ദ് ചെയ്യാൻ എന്തായിരുന്നു കാരണമെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly